സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ്

നന്തൻകോട് കവടിയാർ. പി.ഒ തിരുവനന്തപുരം 695003

ഫോൺ. 0471 2317983 ഫാക്സ് 0471 2310192 ഇ മെയിൽ. dcotdb@gmail.com

കൊല്ലവർഷം 1193-ലെ ശബരിമല മണ്ഡലം-മകരവിളക്ക് മേടവിഷു, മാസപൂജ എന്നീ ഉത്സവങ്ങളോടനുബന്ധിച്ച് ശബരിമല, പമ്പ, നിലയ്ക്കൽ എന്നീ ദേവസ്വങ്ങളിലേക്ക് ആവശ്യമായ സ്റ്റേഷനറി സാധനങ്ങൾ, അന്നദാനം, മെസ്സ് എന്നിവടങ്ങളിലേക്ക് ആവശ്യമായ ആക്സസറി സാധനങ്ങൾ എന്നിവ സപ്ലൈ ചെയ്യുന്നതിനുള്ള ടെൻഡർ സംബന്ധിച്ച നിബന്ധനകൾ.

ശബരിമല ദേവസ്വത്തിലെ കൊല്ലവർഷം 1193 -ലെ മണ്ഡലം-മകരവിളക്ക്, മേടവിഷു, മാസപൂജ മഹോത്സവങ്ങളോടനുബന്ധിച്ച് ശബരിമല, പമ്പ, നിലയ്ക്കൽ എന്നീ ദേവസ്വങ്ങളിലേക്ക് ആവശ്യമായ സ്റ്റേഷനറി സാധനങ്ങൾ,അന്നദാനം, മെസ്സ് എന്നിവിടങ്ങളിലേക്ക് ആവശ്യമായ ആക്സസറി സാധനങ്ങൾ എന്നിവ സപ്ലൈ ചെയ്യുന്നതിനുള്ള ടെൻഡർ സംബന്ധിച്ച ഈ പരസ്യത്തിലെ വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി ടെൻഡറുകൾ ക്ഷണിക്കുന്നു.

## നിബന്ധനകൾ

1 ശബരിമല, പമ്പ, നിലയ്ക്കൽ എന്നീ ദേവസ്വങ്ങളിലേക്ക് ആവശ്യമായ സ്റ്റേഷനറി സാധനങ്ങൾ, അന്നദാനം, മെസ്സ്,അരവണ പ്ലാന്റ് ,അപ്പം പ്ലാന്റ് , എന്നിവടങ്ങളിലേക്ക് ആവശ്യമായ ആക്സസറി സാധനങ്ങളുടെ അളവ് പ്രത്യേക ലിസ്റ്റായി ഇതോടൊപ്പം ചേർക്കുന്നു. ആയതിൽ എണ്ണം ഒന്നിന് ഡിപ്പാർട്ട്മെന്റിൽ നിന്നും നൽകേണ്ട ക്രമമാണ് തുക ക്വാട്ട് ചെയ്യേണ്ടത്.

2. ആവശ്യമായ സാധനങ്ങളുടെ ലിസ്റ്റും അവയുടെ അളവ് / തൂക്കം/ എണ്ണം എന്നിവയും പ്രത്യേകം ലിസ്റ്റായി ഈ പരസ്യത്തിനോടൊപ്പം ചേർത്തിട്ടുണ്ട്. അതിൽ പറയുന്ന ഏതെങ്കിലും ഇനം സപ്ലൈ ഒഴിവാക്കുന്നതിനോ അളവ് /എണ്ണം കുറയ്ക്കുന്നതിനോ ആവശ്യമായി വന്നാൽ കൂടുതൽ സപ്ലൈ ചെയ്യുന്നതിനോ നിർദ്ദേശിക്കുവാൻ ദേവസ്വം

ബോർഡിന് അധികാര അവകാശങ്ങൾ ഉണ്ടായിരിക്കുന്നതും അതനുസരിക്കുന്നതിന് കോൺട്രാക്ടർ/ ടെൻഡറുകാരൻ ബാദ്ധ്യസ്ഥനുമാണ്. സാധനങ്ങൾ എല്ലാം ഒന്നാംതരത്തിലുള്ളവ ആയിരിക്കണം. ഒന്നാംതരത്തിലുള്ളതല്ലാത്ത സാധനങ്ങൾ കോൺട്രാക്ടർ / ടെൻഡറുകാരൻ ഹാജരാക്കുകയും ഒഴിച്ചു കൂടാൻ പറ്റാത്ത ഏതെങ്കിലും സാഹചര്യത്തിൽ അവ സ്വീകരിക്കേണ്ടതായി വരികയും ചെയ്താൽ അപ്രകാരം ഹാജരാക്കുന്ന സാധനങ്ങൾക്ക് ദേവസ്വം ബോർഡ് നിശ്ചയിക്കുന്ന റേറ്റ് അനുസരിച്ചുള്ള വില സ്വീകരിക്കുവാൻ കുത്തകക്കാരൻ ബാദ്ധ്യസ്ഥനായിരിക്കുന്നതും അതിന്മേൽ പരാതിപ്പെടാൻ ടിയാന് അർഹതയില്ലാത്തതുമാണ്. കുത്തക മുടക്കം വരുത്തിയാൽ വേറെ ആൾ ഏർപ്പെടുത്തിയോ, കൈവിലയ്ക്ക് വാങ്ങിയോ സാധനങ്ങൾ സംഭരിക്കുന്നതും അതിൽ വച്ച് ദേവസ്വം ബോർഡിനുണ്ടാകുന്ന നഷ്ടം കുത്തക/ ടെൻഡറുകാരിൽ നിന്നും ഈടാക്കുന്നതും ലാഭമുണ്ടായാൽ കുത്തക/ ടെൻഡർകാരന് ആയതിന് അവകാശമില്ലാത്തതുമാകുന്നു.

3. മുദ്രവച്ച ടെൻഡറുകൾ 10-11-2017 ഉച്ചയ്ക്ക് 12.00 .മണിയ്ക്ക് മുമ്പായി ദേവസ്വം കമ്മീഷണർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്, നന്തൻകോട്, തിരുവനന്തപുരം-695-003 എന്ന വിലാസത്തിൽ ലഭിക്കത്തക്കവണ്ണം ഹാജരാക്കേണ്ടതാണ്. നിശ്ചിത സമയം കഴിഞ്ഞ് ഹാജരാക്കുന്ന ടെൻഡറുകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല. ടെൻഡറുകൾ അടക്കം ചെയ്യുന്ന കവറിന്റെ പുറത്ത് ഏത് ഐറ്റത്തിനുള്ള ടെൻഡർ എന്ന് വ്യക്തമായി രേഖപ്പെടുത്തിയിരിക്കണം.
4. ടെൻഡറിനൊപ്പം 1,00,000/- രൂപ (ഒരു ലക്ഷം) നിരതദ്രവ്യം ക്യാഷായോ ശബരിമല എക്സിക്യൂട്ടീവ് ആഫീസറുടെ പേരിൽ മാറത്തക്കവണ്ണമുള്ള ഡിമാന്റ് ഡ്രാഫ്റ്റായോ/ക്രോസ്സ് ചെയ്ത് അടക്കം ചെയ്തിരിക്കണം.
5. ടെൻഡർ 10.11.2017- ഉച്ചയ്ക്ക് 12.30 മണിക്ക് അപ്പോൾ ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ ദേവസ്വം കമ്മീഷണർ ആഫീസിൽ വച്ച് പൊട്ടിച്ച് പരിശോധിക്കുന്നതാണ്.
6. നിശ്ചിത നിരതദ്രവ്യം ഹാജരാക്കാത്തവരുടെ ടെൻഡറുകൾ യാതൊരു കാരണവശാലും സ്വീകരിക്കുന്നതല്ല.
7. ടെൻഡറിൽ രേഖപ്പെടുത്തിയിരിക്കുന്ന നിരക്കുകൾ എല്ലാതരം നികുതികളും ഉൾപ്പെടെ ഉള്ളതായിരിക്കും.

8. ടെൻഡർ നിരക്കുകൾ കൊല്ലവർഷം 1193-ലെ ഉത്സവങ്ങളുടെ കാലയളവ് മുഴുവൻ ബാധകമായിരിക്കുന്നതാണ്.
9. ഏതെങ്കിലും ഐറ്റത്തിന് പരസ്യത്തിൽ രേഖപ്പെടുത്തിയതിനെക്കാൾ കൂടുതൽ അളവ് ആവശ്യമാണെന്ന് കണ്ടാൽ ആയത് അറിയിക്കുന്നതിനനുസരിച്ച് ടെൻഡർ നിരക്കിൽ സപ്ലൈ ചെയ്യാൻ ടെൻഡറുകാരൻ ബാദ്ധ്യസ്ഥനാണ്.
10. ടെൻഡർ അംഗീകരിക്കുന്നത് സംബന്ധിച്ച അറിയിപ്പ് ലഭിച്ച് അഞ്ച് ദിവസങ്ങൾക്കകം ശബരിമല എക്സിക്യൂട്ടീവ് ആഫീസറുമായി ഉടമ്പടി വച്ച് ഐറ്റങ്ങൾ സപ്ലൈ ചെയ്യേണ്ടതാണ്. അറിയിപ്പ് ലഭിച്ച് അഞ്ച് ദിവസത്തിനകം ഉടമ്പടി വയ്ക്കുന്നതിൽ വീഴ്ചവരുത്തുന്ന പക്ഷം നിരതദ്രവ്യം മുതൽക്കൂട്ടി തൊട്ടടുത്ത റേറ്റ് ക്വാട്ട് ചെയ്തിട്ടുള്ള ടെൻഡർകാരനെ ക്ഷണിക്കുന്നതിനോ മറ്റ് ഏർപ്പാടുകൾ ചെയ്യുന്നതിനോ ദേവസ്വം ബോർഡിന് അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതും അതിൽവച്ച് ഉണ്ടാകുന്ന നഷ്ടത്തിന് വീഴ്ച വരുത്തിയ ടെൻഡറുകാരൻ പൂർണ്ണ ഉത്തരവാദി ആയിരിക്കുന്നതുമാണ്.
11. നിർദ്ദേശിക്കുന്ന തീയതിക്കുള്ളിൽ ആവശ്യപ്പെട്ടിരിക്കുന്ന സാധനങ്ങൾ സപ്ലൈ ചെയ്യാത്തവരുടെ കുത്തക യാതൊരു മുന്നറിയിപ്പും കൂടാതെ റദ്ദ് ചെയ്യുന്നതിനും മഹോത്സവത്തിന്റെ സുഗമമായ നടത്തിപ്പിനു വേണ്ടി മറ്റ് വിധത്തിൽ നടപടി സ്വീകരിക്കുന്നതിനും ബോർഡിൽ അവകാശമുള്ളതും തൻമൂലം ബോർഡിനുണ്ടാകുന്ന എല്ലാ കഷ്ട നഷ്ടങ്ങൾക്കും കുത്തകക്കാരൻ മാത്രം ഉത്തരവാദിയായിരിക്കുന്നതുമാണ്.
12. ടെൻഡർ സ്വീകരിക്കുന്നതിനും യാതൊരു കാരണവും പറയാതെ നിരസിക്കുന്നതിനും ദേവസ്വം ബോർഡിന് പൂർണ്ണ അധികാരം ഉണ്ടായിരിക്കുന്നതാണ്.
13. കുത്തകക്കാർക്ക് /ടെൻഡർകാർക്ക് ദേവസ്വം ബോർഡിന്റെ രേഖാമൂലമുള്ള അനുവാദം കൂടാതെ കുത്തകയുടെ അവകാശം കൈമാറുന്നതിനോ കീഴ് കുത്തക കൊടുക്കുന്നതിനോ അധികാരവും അവകാശവും ഇല്ലാത്തതാണ്.
14. കുത്തക/ടെൻഡർ സംബന്ധിച്ചുള്ള വ്യവഹാരങ്ങൾ തിരുവനന്തപുരം കോടതിയുടെ അധികാര പരിധിക്കുള്ളിലായിരിക്കും.

15. ആവശ്യമായ സാധനങ്ങൾ ശബരിമല എക്സിക്യൂട്ടീവ് ആഫീസിൽ നിന്നും നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട ദേവസ്വം സ്റ്റോറിൽ എത്തിക്കേണ്ടതാണ്.
16. ശബരിമല, പമ്പ, നിലയ്ക്കൽ എന്നീ ദേവസ്വങ്ങളിലേക്ക് ആവശ്യമായ സ്റ്റേഷനറി സാധനങ്ങൾ, അന്നദാനം മെസ്സ് എന്നിവിടങ്ങളിലേക്ക് ആവശ്യമായ ആക്സസറി സാധനങ്ങൾ എന്നിവയുടെ ആവശ്യമായ അളവ് ഇതോടൊപ്പം ചേർത്തിട്ടുണ്ട്.ആയതിൽ തുക എന്ന കോളത്തിൽ ആയിരിക്കണം ഡിപ്പാർട്ട്മെന്റിൽ നിന്നും നിങ്ങൾക്ക് നൽകേണ്ട തുക രേഖപ്പെടുത്തേണ്ടത്
17. അനുബന്ധമായി ചേർത്തിട്ടുള്ള ഫോറത്തിൽ അല്ലാത്ത ക്വട്ടേഷനുകൾ യാതൊന്നും തന്നെ പരിഗണിക്കുന്നതല്ല.
18. മേൽ സൂചിപ്പിച്ച നിബന്ധനകൾ അല്ലാതെ ക്വട്ടേഷൻ ഫോറത്തിൽ മറ്റ് നിബന്ധനകൾ നിഷ്കർഷിക്കുന്നതിന് ടെൻഡറുക്കാരന് അധികാരമില്ലാത്തതും അപ്രകാരം നിബന്ധനകൾ രേഖപ്പെടുത്തുന്ന പക്ഷം അത്തരം ക്വട്ടേഷനുകൾ അസാധുവാക്കുന്നതുമാണ്.
19. ടെൻഡർ ലഭിക്കുന്ന വ്യക്തി കുത്തക അവകാശം ലഭിച്ച് അഞ്ച് ദിവസങ്ങൾക്കകം ശബരിമല എക്സിക്യൂട്ടീവ് ആഫീസറുമായി ഉടമ്പടിയിൽ ഏർപ്പെടേണ്ടതാണ് എക്സിക്യൂട്ടീവ് ആഫീസർ ആവശ്യപ്പെടുന്ന മുറയ്ക്ക് ബാങ്ക് ഗ്യാരണ്ടി ഹാജരാക്കേണ്ടതുമാണ്.
20. അനുബന്ധമായി ചേർത്തിട്ടുളള ഫോറത്തിൽ അതത് ദേവസ്വത്തിന്റെയും, സാധനങ്ങൾ സപ്ലൈ ചെയ്യേണ്ട പോയിന്റിന്റെയും വിശദാംശങ്ങൾ വ്യക്തമാക്കിയിട്ടുള്ളതാണ്. ആയതിനാൽ ഏത് പോയിന്റിലേക്ക് ആവശ്യമായ ടെൻഡർ ആണ് സമർപ്പിക്കുന്നത് എന്ന് ടെൻഡർ കവറിന്റെ പുറത്ത് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. അപ്രകാരം അല്ലാത്ത ടെൻഡറുകൾ നിരാകരിക്കുന്നതിനേ സ്വീകരിക്കുന്നതിനോ ഉള്ള പൂർണ്ണമായ അവകാശം ദേവസ്വം കമ്മീഷണറിൽ നിക്ഷിപ്തമായിരിക്കും.

ആർ.ഒ.സി. 15696/17/ശബ
03.11.2017

(ഒപ്പ്)
ദേവസ്വം കമ്മീഷണർ
തിരുവിതാംകൂർ ദേവസ്വം ബോർഡ്
തിരുവനന്തപുരം- 695003

സ്വാമി ശരണം

1193 എം.ഇ. യിലെ ശബരിമല ഫെസ്റ്റിവൽ ആവശ്യത്തിനുള്ള സ്റ്റേഷനറി സാധനങ്ങൾ

പേര്-

മേൽവിലാസം -

ഫോൺ

| No | Item | Requirement | Rate(per Piece) |
|---|---|---|---|
| 1. | Note book-thick 120 pages (single) | 1150 | |
| 2. | Ball pen: Blue 1300,Black-1300,Red-400 | 3000 | |
| 3 | Rubber band Nylon (K.G) | 675 | |
| 4 | packing Roll | 24 | |
| 5 | Attendance Register-Big- 80 page | 50 | |
| 6 | Attendance Register-Big- small | 140 | |
| 7 | Sealing Wax (K.G) | 147 | |
| 8 | Calculator 12 digit | 12 | |
| 9 | Calculator 14 digit | 5 | |
| 10 | Stapler Machine No.10 | 100 | |
| 11 | Stapler Pin No.10 | 100 | |
| 12 | Cello tape 1” Roll | 50 | |
| 13 | Cello tape ¾” Roll | 50 | |
| 14 | Cello Tape ½” Roll | 50 | |
| 15 | B O P tape 1 “ Roll | 30 | |
| 16 | Pencil (10X5) packet | 50 | |
| 17 | Paper tag thick | 50 Bundle | |
| 18 | Copier A4 Packet | 245 | |
| 19 | Copier FS Packet | 90 | |
| 20 | Ribon Cartridge Epson LQ50 | 100 | |
| 21 | Marker pen | 25 | |
| 22 | Sketch pen (set) | 50 | |
| 23 | Country Twain ball-100 gm (Jute) | 4500 | |
| 24 | Fax Toner | 0 | |

| | | | |
|---|---|---|---|
| 25 | Canvas bag- thick | 575 | |
| 26 | Lock- medium (50mm) | 1000 | |
| 27 | Gum bottle with gum (500ml) | 50 | |
| 28 | Correction pen | 50 | |
| 30 | High lighter | 10 | |
| 31 | Steel Scale | 10 | |
| 32 | Carbon-single side | 40 | |
| 33 | Sealing pad | 30 | |
| 34 | Finger Touch (For Noe counting) | 25 | |
| 35 | Paper Punch | 10 | |
| 36 | Knife small | 25 | |
| 37 | knife big | 25 | |
| 38 | Xerox Machine Toner | 10 | |
| 39 | Printer Toner | 10 | |
| 40 | Mottusoochi | 25 | |
| 41 | chalk | 3 Box | |
| 42 | Wages Register | 100 | |

# -END OF PAGE-

# സ്വാമി ശരണം
# 1193 എം.ഇ. യിലെ ശബരിമല ഫെസ്റ്റിവൽ ആവശ്യത്തിനുള്ള അസ്സസറി സാധനങ്ങൾ

പേര്-

മേൽവിലാസം -

ഫോൺ

| നമ്പർ | ഇനവിവരം | 1193-എം.ഇ. ആവശ്യമുള്ളത് | നിരക്ക് (എണ്ണം ഒന്നിന്) |
|---|---|---|---|
| 1 | സ്റ്റീൽ ഫ്ളാക്സ് | 1 | |
| 2 | ടാർപാളിൻ വലുത് | 10 | |
| 3 | ടാർപാളിൻ ചെറുത് | 3 | |
| 4 | കാരം (50 കി.) | 50 | |
| 5 | ഈർക്കിൽ ചൂൽ | 250 | |
| 6 | പ്ലാസ്റ്റിക് ട്രേ ചെറുത് | 250 | |
| 7 | തഴപ്പായ | 2000 | |
| 8 | സാധാ തലയണ | 1332 | |
| 9 | പനമ്പ് | 20 | |
| 10 | പിച്ചാത്തി | 22 | |
| 11 | പ്ലാസ്റ്റിക് കോരി | 150 | |

**-END OF PAGE-**

**1193 എം.ഇ. യിലെ മണ്ഡലം-മകരവിളക്ക് അടിയന്തിരം അരവണ പ്രിപ്പറേഷൻ ആവശ്യമായസാധനങ്ങളുടെ വിവരം.**

പേര്-

മേൽവിലാസം -

ഫോൺ

| നമ്പർ | ഇനവിവരം | 1193-ലെ ആവശ്യമായ എണ്ണം | നിരക്ക്(എണ്ണം ഒന്നിന്) |
|---|---|---|---|
| 1 | ട്രൻസർ പമ്പിനുള്ള മേൽ മൂടി | 4 | |
| 2. | ഒന്നര ഇഞ്ച് ഹോസ് (മെസിലെ ആവശ്യത്തിന്) | 2 | |

# -END OF PAGE-

## സ്വാമി ശരണം
## 1193 എം.ഇ. യിലെ മണ്ഡലം-മകരവിളക്ക് അടിയന്തിരം പമ്പ ദേവസ്വത്തിലേയ്ക്ക് ആവശ്യമായ അസ്സസറി സാധനങ്ങളുടെ വിവരം.

പേര്-

മേൽവിലാസം -

ഫോൺ

| നമ്പർ | ഇനവിവരം | 1193-ലെ ആവശ്യമായ എണ്ണം | നിരക്ക്(എണ്ണം ഒന്നിന്) |
|---|---|---|---|
| 1 | പ്ലാസ്റ്റിക് പായ് | 250 | |
| 2 | തഴപ്പായ | 75 | |
| 3 | തലയിണ | 250 | |
| 4 | ലോഷൻ | 50 | |
| 5 | ചൂൽ | 25 | |
| 6 | കുട്ട വരിഞ്ഞത് | 40 | |
| 7 | മേശ തുടയ്ക്കുന്ന ബ്രഷ് | 25 | |
| 8 | തറ തുടയ്ക്കുന്ന (മോപ്പ്) | 10 | |
| 9 | ടാർപോളിൻ | 3 | |

# -END OF PAGE-

**സ്വാമി ശരണം**

**1193 എം.ഇ. യിലെ മണ്ഡലം-മകരവിളക്ക് അടിയന്തിരം പമ്പ ദേവസ്വത്തിലേയ്ക്ക് മോദക നിർമ്മാണത്തിന് ആവശ്യമായ സാധനങ്ങളുടെ വിവരം.**

പേര്-

മേൽവിലാസം -

ഫോൺ

| നമ്പർ | ഇനവിവരം | 1193-ലെ ആവശ്യമായ എണ്ണം | നിരക്ക്(എണ്ണം ഒന്നിന്) |
|---|---|---|---|
| 1 | ഗ്രൈന്റർ ( 3 ഫേസ്) | 1 | |
| 2 | മിക്സി | 1 | |
| 3 | ശർക്കര അരിപ്പ | 5 | |
| 4 | കാരചട്ടി | 5 | |

**-END OF PAGE-**

## സ്വാമി ശരണം
## 1193 എം.ഇ. യിലെ മണ്ഡലം-മകരവിളക്ക് അടിയന്തിരം നിലയ്ക്കൽ
## അന്നദാനത്തിലേക്ക് ആവശ്യമായ സാധനങ്ങൾ

പേര്-

മേൽവിലാസം -

ഫോൺ

| നമ്പർ | ഇനവിവരം | 1193-ലെ ആവശ്യമായ എണ്ണം | നിരക്ക്(എണ്ണം ഒന്നിന്) |
|---|---|---|---|
| 1 | 3 ബർണ്ണർ ഗ്യാസ് അടുപ്പ് | 2 | |
| 2 | പനമ്പ് | 15 | |
| 3 | ഈറ്റ പൊളികുട്ട (വലുത്) | 15 | |
| 4 | ചകിരി ബ്രഷ് | 5- | |
| 5 | റബ്ബർ ഗ്രിപ്പ് മാറ്റ് (കറുത്തത്) | 20 | |
| 6 | ടാർ പോളിൻ വലുത് | 3 | |

# -END OF PAGE-

**സ്വാമി ശരണം**

**1193 എം.ഇ. യിലെ മണ്ഡലം-മകരവിളക്ക് അടിയന്തിരം നിലയ്ക്കൽ ദേവസ്വത്തിലേയ്ക്ക്**

**മെസ്സ് പ്രവർത്തിപ്പിക്കുന്നതിന് ആവശ്യമായ സാധനങ്ങളുടെ വിവരം.**

പേര്-

മേൽവിലാസം -

ഫോൺ

| നമ്പർ | ഇനവിവരം | 1193-ലെ ആവശ്യമായ എണ്ണം | നിരക്ക്(എണ്ണം ഒന്നിന്) |
|---|---|---|---|
| 1 | പനമ്പ് | 10 | |
| 2 | ഈറ്റപൊളികുട്ട (വലുത്) | 15 | |
| 3 | റബ്ബർ ഗ്രിപ്പ് മാറ്റ് (കറുത്തത്) | 10 | |
| 4 | കുഴചട്ടുകം (വലുത്) | 200 | |
| 5 | റബ്ബർ ഗ്രിപ്പ് മാറ്റ് (കറുത്തത്) | 10 | |
| 6 | തഴപ്പായ | 200 | |
| 7 | മെത്തപ്പായ | 25 | |
| 8 | തലയിണ (വി.ഐ.പി) | 25 | |
| 9 | തലയിണ ഉറ (വി.ഐ.പി) | 25 | |
| 10 | ചകിരി ബ്രഷ് | 10 | |
| 11 | ടാർ പോളിൻ വലുത് | 3 | |
| 12 | പ്ലാസ്റ്റിക് ബക്കറ്റ് | 15 | |
| 13 | പ്ലാസ്റ്റിക് മഗ്ഗ് | 15 | |
| 14 | ഫ്ളാസക് ( 2 ലിറ്റർ) | 3 | |
| 15 | ബെഡ് ഷീറ്റ് | 30 | |

**-END OF PAGE-**